LIBRARY ARCHIVES Kerala Legislative Assembly

വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

142 [906] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് മുഖ്യമന്ത്രി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) മുഖ്യമന്ത്രി വിളിച്ചു ചേർത്ത ചർച്ചയെത്തുടർന്ന് കോട്ടൺസ് മാനേജ്മെന്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) കമ്പനി തുറന്ന് പ്രവർത്തനമാരംഭിക്കുന്നതിനും പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ സാദ്ധ്യത സംബന്ധിച്ചും ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ മാനേജ്മെന്റിനോട് നിർദ്ദേശിച്ചു. പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അത് സംബന്ധിച്ച് പഠനം നടത്തി തുടർന്ന് വീണ്ടും ചർച്ചകൾ നടത്താനും തീരുമാനമായി. അപ്രകാരം മാനേജ്മെന്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിൻമേൽ തൊഴിൽ വകുപ്പുമന്ത്രി 13-2-2006-ന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി.

(സി & ഡി) കോട്ടൺസ് മാനേജ്മെന്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടും ബന്ധപ്പെട്ട കാര്യങ്ങളും തൊഴിൽ വകുപ്പുമന്ത്രി, 13-2-2006-ന് മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തുകയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സൗകര്യാർത്ഥം അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ മാനേജ്മെന്റ് സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിലെ മില്ലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ സാദ്ധ്യതയെക്കുറിച്ച് കഴിവതും വേഗം ചർച്ച നടത്താമെന്നും തീരുമാനിച്ചു.

പെരുമ്പാവൂർ നഗരസഭാ അതിർത്തിയിലെ ഇ.എസ്.ഐ. ആഫീസിന്റെയും ആശുപത്രി കെട്ടിടത്തിന്റെയും ജീർണ്ണാവസ്ഥ പരിഹരിക്കാൻ നടപടി

143 [907] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ നഗരസഭ അതിർത്തിയിൽ ഇ.എസ്.ഐ. ആഫീസും ആശുപത്രിയും സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിൽ ആണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇ.എസ്.ഐ.-ക്കുവേണ്ടി പെരുമ്പാവൂർ വില്ലേജിൽ ഏതൊക്കെ സർവ്വേ നമ്പറുകളിൽ എവിടെയൊക്കെയാണ് നിലവിൽ ഭൂമി കൈവശമുള്ളതെന്നും പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്നും അറിയിക്കാമോ ;

(സി) ഇ.എസ്.ഐ. വക പെരുമ്പാവൂരിലെ കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനും വസ്തുവകകൾ അന്യാധീനപ്പെടാതെ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത കെട്ടിടം ഈ സാമ്പത്തിക വർഷം റിപ്പയർ ചെയ്യുന്നതിനുള്ള നടപടി ഇ.എസ്.ഐ. കോർപ്പറേഷൻ എടുത്തുവരുന്നു.

(ബി) 358/1-4, 356/1-6 എന്നീ സർവ്വേ നമ്പറുകളിൽ ആകെ 2 (രണ്ട്) ഏക്കർ ഭൂമി ഉണ്ട്.

(സി) അതിക്രമിച്ചു കടക്കലും കൈയേറ്റവും തടയുന്നതിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്.

പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടി

144 [908] ശ്രീ. സ്റ്റീഫൻ ജോർജ് :

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി ആസ്ഥാനമാക്കി നിലവിലുള്ള പാലാ, വൈക്കം എന്നീ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ വിഭജിച്ച് ഒരു പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(സി) എന്നത്തേക്ക് ഈ എക്സ്ചേഞ്ചിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരിശോധിച്ചു വരുന്നു.

ഒഴിഞ്ഞു കിടക്കുന്ന വ്യവസായ ട്രൈബ്യൂണൽ സ്ഥാനങ്ങളിൽ നിയമനം നടത്താൻ നടപടി

145 [909] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കേസുകൾ കൈകാര്യം ചെയ്യുന്ന കൊല്ലത്തെ വ്യവസായ ട്രൈബ്യൂണൽ സ്ഥാനം ഒഴിഞ്ഞു കിടക്കുന്നതു കാരണം തൊഴിൽ സംബന്ധമായ കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly